## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 5246 31..10..2016- ൽ മറുപടിയ്ക്ക്

# ചികിത്സാ ധനസഹായം

| ചോദ്യം<br>ശ്രീ. മോൻസ് ജോസഫ് | | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(ബഹുമാനപ്പെട്ട മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കടുത്തുരുത്തി എം.എൽ.എ യുടെ ശിപാർശ പ്രകാരം എത്ര പേർക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ; | (എ) | മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമല്ല |
| (ബി) | മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമല്ല എന്നു പറയുന്നത് പുതിയ സോഫ്റ്റ് വെയറിലെ തകരാറാണെങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ; | (ബി) യും (സി) യും | വിവരം ശേഖരിച്ചുവരുന്നു. |
| (സി) | പുതിയ സോഫ്റ്റ് വെയർ ഡെവലപ്മെന്റിലെ പോരായ്മകൾ മനസ്സിലാക്കി പഴയ സോഫ്റ്റ് വെയർ ആയ ഐഡിയാസ് (Ideas) -ന്റെ നവീകരിച്ച രൂപം തയ്യാറാക്കാൻ ശ്രമിക്കുമോ ; | | |

| | | | |
|---|---|---|---|
| (ഡി) | എം.എൽ.എ- മാർ എം.പി-മാർ എന്നിവരെ ഒഴിവാക്കി ധനസഹായ വിതരണം നൽകുന്നതിനുള്ള പ്രത്യേക സർക്കാർ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ ; | (ഡി) | 29.04.2015-ലെ ജി.ഒ. (ആർ.റ്റി) 2248/15/റവന്യൂ നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം I ആയി ചേർക്കുന്നു. |
| (ഇ) | ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം അനുവദിക്കുന്നതിന് മാനദണ്ഡം നിശ്ചയിച്ചുകൊണ്ട് ഈ സർക്കാർ എത്ര ഉത്തരവുകൾ പുറത്തിറക്കിയിട്ടുണ്ട് ; പകർപ്പ് ലഭ്യമാക്കുമോ ? | (ഇ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അത്തരം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള പരിധി ഉയർത്തി 03.09.16 ലെ സ.ഉ. (കയ്യെഴുത്ത്) നം. 492/16/റവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി അനുവദിക്കുന്ന ധനസഹായം യഥാസമയം വിതരണം ചെയ്യുന്നത്- ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

റവന്യൂ (ഡി ആർ എഫ് - ബി) വകുപ്പ്

ജി.ഒ.(ആർ.റ്റി) 2248/15/റവന്യൂ    തിരുവനന്തപുരം, തീയതി : 29/04/2015

---

പരാമർശം: 28.11.2012 ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) നം.6769/2012/റവ

## ഉത്തരവ്

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്ന ധനസഹായത്തിൽ 50,000/- (അമ്പതിനായിരം രൂപ) രൂപയ്ക്കു മുകളിൽ അനുവദിക്കുന്ന കേസുകളിൽ ധനസഹായം ബന്ധപ്പെട്ട എം.എൽ.എ/എം.പി.മാർ മുഖാന്തിരം വിതരണം ചെയ്താൽ മതിയെന്ന് പരാമർശം പ്രകാരം ഉത്തരവിട്ടിരുന്നു.

(2) ഇപ്രകാരം ജനപ്രതിനിധികളുടെ സൗകര്യം കണക്കിലെടുത്ത് തുക വിതരണം ചെയ്തു വരുന്നതിനാൽ അത്യാവശ്യ സന്ദർഭങ്ങളിൽ പോലും തുക അനുവദിച്ചു മാസങ്ങൾക്കു ശേഷം മാത്രമേ അപേക്ഷകന് തുക ലഭ്യമാക്കുവാൻ സാധിക്കുന്നുള്ളൂ. ആയതിനാൽ അപേക്ഷകന് 'യഥാസമയം പ്രയോജനം ലഭിക്കാത്ത സാഹചര്യം ഉണ്ടാകുന്നു. ഇത് സംബന്ധിച്ച് ധാരാളം ആക്ഷേപങ്ങൾ ലഭിച്ചു കൊണ്ടിരിക്കുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്ന ധനസഹായം ഗുണഭോക്താക്കൾക്ക് യഥാസമയം കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനു വേണ്ടി ധനസഹായം ജനപ്രതിനിധികൾ മുഖാന്തിരം വിതരണം ചെയ്താൽ മതി എന്ന പരാമർശ ഉത്തരവിലെ നിർദ്ദേശം ഇതിനാൽ പിൻവലിച്ചുകൊണ്ട് ഉത്തരവാകുന്നു. അനുവദിക്കുന്ന ധനസഹായം അപേക്ഷകർക്ക് എത്രയും വേഗം വിതരണം ചെയ്യേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

സന്തോഷ് കുമാർ.റ്റി.കെ
അണ്ടർ സെക്രട്ടറി.

എല്ലാ ജില്ലാ കളക്ടർമാർക്കും
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ (ഡി ആർ എഫ്-ബി) വകുപ്പ്
[illegible]

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള പരിധി ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡിആർഎഫ്-എ) വകുപ്പ്

സ.ഉ.(കൈയ്യെഴുത്ത്) നം 492/16 റവ. തിരുവനന്തപുരം, തീയതി 03.09.2016

**ഉത്തരവ്**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള പരിധി താഴെപ്പറയും പ്രകാരം ഉയർത്തി ഉത്തരവാകുന്നു.

| | നിലവിലുള്ളത് | ഉയർത്തിയത് |
|---|---|---|
| ജില്ലാ കളക്ടർ | 2,000/- | 10,000/- |
| റവന്യൂ മന്ത്രി | 5,000/- | 25,000/- |
| മുഖ്യമന്ത്രി | 1,00,000/- | 3,00,000/- |

അടിയന്തിര ഘട്ടങ്ങളിൽ മുഖ്യമന്ത്രിക്ക് അനുവദിക്കാവുന്ന തുക 10,000/- രൂപയായി തുടരുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**പി.എച്ച്.കുര്യൻ**
**പ്രിൻസിപ്പൽ സെക്രട്ടറി**

**എല്ലാ ജില്ലാ കളക്ടർമാർക്കും.**

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ചെയർമാന്റെ)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്/റവന്യൂ (ഡി.ആർ.എഫ്-ബി) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.
അക്കൗണ്ടന്റ് ജനറൽ (A & E) തിരുവനന്തപുരം.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

S.O.